**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **30-07-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ വന്യമൃഗ ശല്യം തടയാൻ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് തടയുന്നതിനും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും വേണ്ട ഒരു സമഗ്ര പാക്കേജ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്ന ഒരു ബൃഹത്കർമ്മ പദ്ധതി അടിയന്തിരമായി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം അനുസരിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ യോഗം ചേർന്ന് വിശദമായ ചർച്ചകൾക്കുശേഷം കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വയനാട് അടക്കമുള്ള എല്ലാ വനം ഡിവിഷനുകളും, വനംവന്യജീവി സർക്കിളുകളും ടി പദ്ധതിയുടെ ഭാഗമായി വരുന്നതാണ്. |
| (ബി) | 2016 മുതൽ 2021 വരെ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം അവദിച്ചുവെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | 2016 മുതൽ 2021 വരെ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം കൊടുത്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| വർഷം | അപേക്ഷകളുടെ എണ്ണം | തുക(ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 1629 | 90.425 |
| 2017-18 | 1092 | 75.149 |
| 2018-19 | 1382 | 94.167 |
| 2019-20 | 711 | 60.35 |
| 2020-21 | 1205 | 108.65 |